**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** **12-03-2025 - ൽ മറുപടിയ്ക്ക്**

**പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്ന പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന ഗവേഷണ പദ്ധതികൾ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കർഷകർക്കായുള്ള അധിക സേവനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ

### ഗവേഷണ പദ്ധതികൾ:

1. അഖിലേന്ത്യാ ഏകോപിത തെങ്ങ് ഗവേഷണ പദ്ധതി
2. അഖിലേന്ത്യാ ഏകോപിത കശുമാവ് ഗവേഷണ പദ്ധതി
3. തെങ്ങധിഷ്ഠിത മൂല്യ വർധക ഉത്പന്നങ്ങൾക്കായുള്ള ഗവേഷണം
4. ഗ്രാമീണ കൃഷി മൗസം സേവാ പദ്ധതി
5. കേരള പുനർനിർമ്മാണ പദ്ധതി: ജൈവ വൈവിധ്യാടിസ്ഥാന കൃഷി, നെല്ല് ജനിതക സംരക്ഷണം, യന്ത്രവത്ക്കരണം എന്നിവയിലൂന്നിയുള്ള തീരദേശ കൈപ്പാട് നെൽ വയലുകളുടെ സമഗ്ര വികസനം
6. കാസർഗോഡ് വികസന പാക്കേജിൽ തുരുമ്പ് കാർഷിക സംസ്കൃതി പഠന കേന്ദ്രം
7. കേരള സംസ്ഥാന സർക്കാർ ആവിഷ്കൃത പദ്ധതികൾ
8. SERB പദ്ധതിയിൽ കുള്ളൻ കശുമാവിന്റെ ജനിതക സ്വഭാവപഠനം
9. മുഖ്യമന്ത്രിയുടെ നവകേരള PDF പദ്ധതി

കർഷക സമൂഹത്തിന്റെ ക്ഷേമം മുൻനിർത്തി ഗവേഷണ കേന്ദ്രത്തിൽ നിന്നും കർഷകർക്കായി താഴെ പറയുന്ന സേവനങ്ങൾ നിലവിൽ നൽകി വരുന്നു.

- ശാസ്ത്രീയ കൃഷി രീതികളുടെ പ്രചരണം, സംശയ ദൂരീകരണം മുതലായവ
- ഫാം കാർണിവൽ, വിത്തുവണ്ടി, സെമിനാറുകൾ, പരിശീലന കളരികൾ എന്നിങ്ങനെയുള്ള വിജ്ഞാന വ്യാപന പരിപാടികൾ
- കാലാവസ്ഥാ മുന്നറിയിപ്പുകളും തയ്യാറെടുപ്പുകളും സംബന്ധിച്ച ബുള്ളറ്റിനുകൾ
- സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുന്നു
- ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു
- ഫല വർഗ്ഗങ്ങളുടെയും കശുമാവിൻറെയും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.
- വിജ്ഞാനം, വിപണനം, വിനോദം എന്നിവ കോർത്തിണക്കി പുതുതലമുറയെ കൃഷിയിലേക്കടുപ്പിക്കുവാൻ കൃഷിയുടെ പ്രദർശനത്തിനും ഫ്രഷ് ഫ്രം ഫാം വിൽപ്പനയ്ക്കും പ്രാധാന്യം നൽകി കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഫാം കാർണിവൽ നടത്തിവരുന്നു

കൂടാതെ വിത്ത്, നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മികച്ച രീതിയിൽ പരിപാലിച്ചു വരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കുന്നതിനായി ഉത്പാദന വർദ്ധനവിനുള്ള വിവിധതരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്വയം സഹായ സംഘങ്ങൾ വഴി നടീൽ വസ്തുക്കളുടെ ഉത്പാദനം, കർഷക പങ്കാളിത്തത്തോട് കൂടിയ സങ്കരയിനം വിത്ത് തേങ്ങ ഉത്പാദനം, ചീമേനി തുറന്ന ജയിൽ അന്തേവാസികളെ സഹകരിപ്പിച്ചുള്ള പച്ചക്കറി വിത്തുൽപാദനം എന്നിവ നടത്തി വരുന്നു.

ഭൗമസൂചിക പദ്ധതി കൈപ്പാട് അരിക്ക് നേടി കൊടുത്ത് അതിൽ നിന്നുള്ള വിവിധ ഉത് പന്നങ്ങൾ ഉണ്ടാക്കി, ഈ ഉല്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റടക്കം ദേശീയ അന്തർ ദേശീയ മാർക്കറ്റിൽ വിപണനം ചെയ്യൽ എന്നിവ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ 2000 വർഷം മുതലുള്ള പ്രവർത്തന ഫലമാണ്. ഇപ്പോൾ കേരള പുനർനിർമ്മാണ പദ്ധതിയിൽ ജൈവ നെൽകൃഷിക്കായുള്ള റിസർച്ച് & ഡെവലപ്മെന്റ് സെൻറർ സ്ഥാപിക്കാൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ഗവേഷണ കേന്ദ്രത്തിനകത്ത് സ്ഥിതി ചെയ്യുന്ന ശ്രീ ടി സുബ്രഹ്മണ്യ തിരുമുമ്പിന്റെ ഭവനം ആസ്പദമാക്കി സംയോജിത കൃഷി പഠിക്കുന്നതിനും പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും തിരുമുമ്പ് സംസ്കൃതി പഠന കേന്ദ്രം എന്ന നാമധേയത്തിൽ കാസർഗോഡ് വികസന പാക്കേജിൽ ഒരു അഗ്രി ടൂറിസം സെന്റർ പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**